# 59. ആദ്യം കാശി വീണ്ടെടുക്കുക; എന്നിട്ടാവാം വിശ്വനാഥക്ഷേത്രം!

ഗംഗാതരംഗരമണീയ ജടാകലാപം
ഗൗരീനിരന്തരവിഭൂഷിതവാമഭാഗം
നാരായണപ്രിയമനംഗമദാപഹാരം
വാരാണസീപുരപതിം ഭജ വിശ്വനാഥം!

എന്ന പദ്യംകൊണ്ടു തുടങ്ങുന്നതും കാശിയിലെ വിശ്വനാഥനെ വാഴ്ത്തി ശങ്കരാചാര്യർ നിർമിച്ചതുമായ സ്തോത്രം അറിയാത്ത ഹിന്ദുക്കൾ ചുരുക്കമായിരിക്കും.

ഇന്ത്യയിലെ മാത്രമല്ല, ലോകത്തിലെ തന്നെ പ്രാചീന നഗരങ്ങളിലൊന്നാണ് കാശി. യെരുശലേം, ആഥൻസ്, റോം മുതലായ പ്രാചീന നഗരങ്ങളെക്കാൾ പ്രാചീനത കാശിക്ക് അവകാശപ്പെടാം. ഉപനിഷത്തുക്കൾ നിർമിക്കപ്പെട്ട കാലത്ത്, കാശി ഉണ്ടായിരുന്നു. ബുദ്ധഭഗവാൻ ജീവിച്ചിരുന്ന കാലത്ത് സമ്പന്നമായ ഒരു രാജ്യത്തിന്റെ തലസ്ഥാനനഗരമായിരുന്നു കാശി. ഇപ്പോൾ പാകിസ്ഥാനിലായ തക്ഷശിലയും കാശിയുമായിരുന്നു പുരാതന ഭാരതത്തിലെ രണ്ടു പ്രസിദ്ധ വിദ്യാകേന്ദ്രങ്ങൾ. ആയുർവേദാചാര്യന്മാരിൽ ചരകൻ തക്ഷശിലയിലും സുശ്രുതൻ കാശിയിലുമാണ് ജീവിച്ചിരുന്നത്. തക്ഷശില വിദേശീയാക്രമണംകൊണ്ടു തകർന്നപ്പോൾ കാശി ഭാരതത്തിലെ പ്രമുഖ വിദ്യാകേന്ദ്രമായിത്തീർന്നു. ഈ നില സഹസ്രാബ്ദങ്ങളോളം തുടർന്നു. പഠിക്കാനെന്നപോലെ പുണ്യം നേടാനും ജനങ്ങൾ കാശിയിലേക്കു പ്രവഹിച്ചുകൊണ്ടിരുന്നു. വരുണ എന്നും അസി എന്നും പേരുള്ള രണ്ടു ചെറുനദികൾ ഗംഗയിൽ വന്നു വീഴുന്നതിനിടയിലുള്ള പ്രദേശമാകയാൽ കാശിയെ 'വാരാണസി' എന്നും വിളിച്ചുവന്നു. കാശിയിൽ മരിക്കുന്നവന് മുക്തി ലഭിക്കുമെന്ന വിശ്വാസം ഇന്നും ഹിന്ദുക്കൾക്കിടയിൽ ഇല്ലാതായിട്ടില്ല. കാശിയിൽ മരിക്കാനല്ലെങ്കിൽ, ജീവിതത്തിലൊരിക്കൽ ഗംഗയിൽ സ്നാനംചെയ്ത് വിശ്വനാഥനെ ആരാധിക്കാനെങ്കിലും ആഗ്രഹിക്കാത്ത ഹിന്ദുക്കൾ കുറവാണ്. വിശ്വാസം പരമാവധി ക്ഷയിച്ച ഈ കാലഘട്ടത്തിലും, ദിവസേന ഒന്നേകാൽ ലക്ഷം മുതൽ ഒരുലക്ഷത്തി അറുപതിനായിരംവരെ തീർത്ഥയാത്രക്കാരാണത്രെ കാശി സന്ദർശിച്ചുകൊണ്ടിരിക്കുന്നത്. ജനത്തിരക്കുകൊണ്ടു നോക്കിയാൽ ഇന്ത്യയിലെ മാത്രമല്ല, ലോകത്തിലെതന്നെ ഏററവും വലിയ തീർത്ഥാടനകേന്ദ്രമാണ് കാശി.

പക്ഷേ, കാശിയോളം വൃത്തികെട്ടതും ആപത്ക്കരവുമായ ഒരു നഗരം ഇന്ന് ഇന്ത്യയിൽ മാത്രമല്ല ലോകത്തിൽത്തന്നെ വേറെ ഉണ്ടോ എന്നു സംശയമാണ്. വൃത്തികേടിന്റെ കാര്യം ആദ്യം എടുക്കുക. ഹരിദ്വാരത്തിൽനിന്നു കാശിയോളം എത്തുമ്പോഴേക്കും, പല നഗരങ്ങളുടെയും പല യന്ത്രശാലകളുടെയും മാലിന്യങ്ങൾ കലർന്ന് ഗംഗയിലെ ജലം പരമാവധി അശുദ്ധമായിരിക്കും. കാശീനഗരത്തിലെ അഴുക്കുചാലുകൾ മുഴുവൻ ഗംഗയിലാണു വന്നുചേരുന്നത്. രണ്ടുകോടി ഗ്യാലൻ അഴുക്കുജലമാണത്രെ കാശിയിലെ കക്കൂസുകളിൽനിന്ന് ഓരോ ദിവസവും ഗംഗയിലെത്തുന്നത്. ഗംഗയുടെ തീരത്തു പല ശ്മശാനങ്ങളുമുണ്ട്. ഇവയിൽ ഏററ

വും പ്രസിദ്ധങ്ങരം മണികർണികാഘട്ടവും ഹരിശ്ചന്ദ്രഘട്ടവുമാണ്. ഇവിടെ ശവശരീരങ്ങരം പൂർണമായി ദഹിപ്പിക്കാതെ, പകുതി കരിച്ച് ഗംഗയിലെറിയുകയാണ വഴക്കം. എന്തിനു കൂടുതൽ വിറക ചിലവാക്കന്നു? ഈ രണ്ടു ശ്മശാനങ്ങളിൽനിന്നുമാത്രമായി ഓരോദിവസവും മന്നൂറു ടൺ ചാരവും കരിയും നൂററമ്പതു ടൺ പകുതി വെന്ത മനുഷ്യമാംസവും ഗംഗാജലത്തിൽ അലിഞ്ഞുചേരുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. തീർത്ഥമെന്നു ഗണിക്കപ്പെട്ടിരുന്ന ഗംഗയിൽ പണ്ട് ഭക്തർ കളിക്കുമെങ്കിലും സോപ്പുപയോഗിക്കുകയോ വസ്ത്രങ്ങരം അലക്കുകയോ ചെയ്തിരുന്നില്ല; കലുക്കഴിഞ്ഞു തുപ്പുന്നതുപോലും നിഷിദ്ധമായിരുന്നു. ഈയിടെ അതിരാവിലെ ഗംഗയിലൊരു തോണിയാത്ര നടത്തിയാൽ, ഇടിഞ്ഞു പൊളിഞ്ഞ പല 'ഘട്ട'ങ്ങളിലും (കടവുകളിലും) ജനങ്ങരം നിരന്നിരുന്നു വെള്ളത്തിലേക്കു മലവിസർജനംചെയ്യുന്നതു കാണാം. മുമ്പ് കാശിയിലെ മലിനജലം ഗംഗയിലൊഴുക്കാറില്ല. കാശിക്കു താഴെയുള്ള വരുണാനദിയിലേ ഒഴുക്കാറുള്ളു. ഇന്നു നഗരത്തിൽ പലേടത്തുമായി കറുത്തു കഴമ്പുപരുവത്തിലുള്ള നാറുന്ന മലിനജലം നേരിട്ടു ഗംഗയിൽ കലരുന്നു. കല്ക്കത്തയും കാൺപൂരും കഴിഞ്ഞാൽ ഗംഗയിൽ ഏററവുമധികം മാലിന്യം കലർത്തുന്ന നഗരം കാശിയാണ്. പണ്ട് കാശിക്കടുത്തു് ഗംഗയിൽനിന്നു മീൻ പിടിക്കാൻ അനുവദിച്ചിരുന്നില്ല. മത്സ്യങ്ങളും, കടൽപ്പന്നികളും, വലിയ മുതലകളും ഗംഗയിൽ ധാരാളമുണ്ടായിരുന്നു. മാംസാവശിഷ്ടങ്ങളും മലിനതകളും ഭക്ഷിച്ച് ജലം ശുദ്ധീകരിക്കുന്നതിൽ ഈ ജലജന്തുക്കരം നിസ്സാരമല്ലാത്ത പങ്കുവഹിച്ചിരുന്നു. ഇന്നു ഗംഗയിൽ എവിടെയും ആക്കും ഇഷ്ടംപോലെ മീൻ പിടിക്കാം. മുതലകരം വംശനാശത്തോടടുത്തിരിക്കുന്നു. വലിയ മററു ജലജീവികളുടെ കഥയും വ്യത്യസ്തമായിരിക്കാനിടയില്ല.

കാശിനഗരത്തിലെ അഴുക്കുജലം പമ്പുചെയ്ത് നഗരത്തിനു പുറത്തു കൊണ്ടുപോകുന്നതിനായി അഞ്ചോ ആറോ പമ്പിങ് സ്റ്റേഷനുകരം പണിതുവരുന്നുണ്ട്. ഈ മലിനജലത്തിലെ മാലിന്യങ്ങരം അരിച്ചെടുത്തു വളമാക്കി മാററാനും, ശേഷിച്ച ശുദ്ധജലംകൊണ്ടു വയലുകരം നനയ്ക്കാനുമാണ് ഉദ്ദേശ്യം. ഇതിനായി ലോകബാങ്കിൻെറ സഹായത്തോടെ ഒരു പദ്ധതി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്. രണ്ടരക്കോടിയോളം രൂപ ഇതിനകം ഈ പദ്ധതിക്കു ചെലവാക്കിയും കഴിഞ്ഞു. 1985 ജൂൺ ആകുമ്പോഴേക്ക് ഏതാനും പമ്പിങ് സ്റ്റേഷനുകരം പ്രവർത്തിച്ചുതുടങ്ങുമത്രെ. ആവോ! രാജ്യം ഉത്തരപ്രദേശമാകയാൽ, എന്തും സംഭവിക്കാം, സംഭവിക്കാതെയുമിരിക്കാം. ഏതായാലും ഗംഗാജലത്തെ വിഷദൂഷിതമാക്കുന്ന പ്രക്രിയ കാശീനഗരത്തിൽ അവിരാമം നടന്നുകൊണ്ടിരിക്കുന്നു.

ഗംഗ വൃത്തികെട്ടതാണെങ്കിൽ, ഗംഗാതീരത്തു്, കാശീനഗരത്തിൽ വൃത്തികേടേയുള്ളു. ഇടുങ്ങി, വളഞ്ഞുതിരിഞ്ഞു്, ഉരുളൻ കല്ല് പാകിയ തെരുവുകളിൽ (ഗല്ലികളിൽ) പശുക്കളും മനുഷ്യരും തിങ്ങിഞെരുങ്ങി നീങ്ങുന്നു. ജനനംമുതൽ മരണംവരെ ജീവികരം അനുഷ്ഠിക്കേണ്ട സകല കൃത്യങ്ങളും ഈ തെരുവുകളിൽ പരസ്യമായി നടക്കുന്നു. മാലിന്യത്തിലും ദുർഗന്ധത്തിലും കാശിയെ ജയിക്കുന്ന മനുഷ്യവാസങ്ങരം കുറവാണ്.

വൃത്തികെട്ടതെന്നപോലെ ആപല്ക്കരവുമാണ് ഈ പുണ്യതീർത്ഥം. കാശിയിലേക്കു പോകുംവഴി തീവണ്ടിയിൽവെച്ച് കൊള്ളയടിക്കപ്പെട്ട അനുഭവം പലർക്കുമുണ്ട്. കുററകൃത്യങ്ങരം ചെയ്തു തഴമ്പിച്ചവരാണ് കാശിയിലെ മിക്ക പുരോഹിതന്മാരും. തങ്ങളുടെ കൈപ്പിടിയിൽ അകപ്പെട്ടുപോകുന്ന വിശ്വാസികളുടെ പണം മാത്രമല്ല, ജീവൻകൂടി അപഹരി

ക്കാൻ അവരിൽ പലർക്കും മടിയില്ല. വിഷം കലന്ന പ്രസാദം ഭക്ഷിച്ചും കുത്തേററും തീർത്ഥയാത്രക്കാർ കാശിയിൽവെച്ചു മരിച്ചതിന്റെ പല ഉദാഹരണങ്ങളുമുണ്ട്. ഇക്കഴിഞ്ഞ ജൂൺ 20–ാം തീയതി തീർത്ഥയാത്രക്കാരുടെ ഒരു കുടുംബം മുഴുവൻ ഒരൊററക്കയററിൽ കെട്ടപ്പെട്ട്, വെള്ളം കുടിച്ചു വീർത്ത്, കാശിയിലെ ഗംഗയിൽ ഒഴുകി നടക്കുന്നതു കാണുകയുണ്ടായി. പോലീസ് നടപടിയൊന്നും എടുത്തില്ല. പൊതുജനങ്ങൾ പ്രതിഷേധിച്ചതുമില്ല. കാശിയിൽവെച്ച് തീർത്ഥയാത്രക്കാർ മരിച്ചാൽ, മരിച്ചവർക്കു മോക്ഷം കിട്ടുന്നു; പുരോഹിതന്മാർക്കും പോലീസിനും പണവും കിട്ടുന്നു. നഷ്ടം ആർക്കുമില്ല! പിന്നെ ആര്, എന്തിന്, പ്രതിഷേധിക്കണം!

ഇന്ത്യ സ്വതന്ത്രയായതിനുശേഷം ഡോ. സമ്പൂർണാനന്ദൻ ഉത്തരപ്രദേശിലെ മുഖ്യമന്ത്രിയായിരുന്ന കാലത്ത്, 1952–58–ൽ കാശിയിൽ അഭിവൃദ്ധിയുടെ ലക്ഷണങ്ങൾ കാണുകയുണ്ടായി. കാശിവിദ്യാപീഠത്തിന് ഒരു സർവ്വകലാശാലയുടെ പദവി നല്കിയതും കാശി സംസ്കൃത സർവ്വകലാശാല സ്ഥാപിച്ചതും അന്നാണ്, കാശിയിലെ ഇടിഞ്ഞു പൊളിഞ്ഞ ഏതാനും ഘട്ടങ്ങൾ (കടവുകൾ) അന്നു പുതുക്കിപ്പണിയുകയുമുണ്ടായി. ഇപ്പോൾ കാശിയിലെ ഘട്ടങ്ങളിൽ പകുതിയോളം പൊളിഞ്ഞു കിടക്കുകയാണ്; അവയിൽത്തന്നെ മുപ്പതു ശതമാനത്തോളം ഇനിയൊരിക്കലും കേടുതീർക്കാൻ കഴിയാത്തവിധം തകർന്നുകഴിഞ്ഞുവത്രെ.

കാശിയിലെ സംസ്കൃതസർവകലാശാല ഒരിക്കലും കാര്യക്ഷമമായി പ്രവർത്തിക്കുകയുണ്ടായില്ല. തുടങ്ങിയ കാലംമുതല്ക്കു അതിൽ സമരമായിരുന്നു. കാശിവിദ്യാപീഠത്തിന്റെ അടുത്തകാലത്തെ സ്ഥിതിയും വ്യത്യസ്തമല്ല. മാളവ്യജി സ്ഥാപിച്ച ബനാറീസ് ഹിന്ദു യൂണിവേഴ്സിററിയാകട്ടെ അഴിമതികളുടെയും അക്രമങ്ങളുടെയും കേന്ദ്രമായി മാറിയിരിക്കുകയാണ്. വിദ്യാർത്ഥികളെ മാത്രമല്ല, അദ്ധ്യാപകരേയും നിയന്ത്രിക്കുന്നതു ഗുണ്ടകൾ (ദാദാമാർ) ആണെന്ന നില വന്നിരിക്കുന്നു. പാരമ്പര്യരീതിയിൽ നടത്തിവന്നിരുന്ന ചെറുസംസ്കൃത പാഠശാലകളുടെ സ്ഥിതി പറയാതിരിക്കുകയാണു നല്ലത്. ചുരുക്കത്തിൽ വിദ്യാകേന്ദ്രമെന്ന പദവി കാശിക്ക് മിക്കവാറും എന്നെന്നേക്കുമായി കൈമോശം വന്നിരിക്കുന്നു.

കാശിയിൽ ഇപ്പോൾ ഏററവും അഭിവൃദ്ധിപ്പെട്ടിട്ടുള്ള വ്യവസായം ഭൂമി കൈയേററമാണ്. ക്ഷേത്രങ്ങളുടെയും പൊതുസ്ഥാപനങ്ങളുടെയും വകയായി ഉണ്ടായിരുന്ന ഭൂമി മുഴുവൻ കൈയൂക്കുള്ളവർ സ്വന്തമാക്കിക്കഴിഞ്ഞിരിക്കുന്നു. പല നാട്ടുരാജാക്കന്മാർക്കും സമ്പന്നർക്കും കാശിയിൽ സ്വന്തം സ്ഥലങ്ങളുണ്ടായിരുന്നു. കൊച്ചിരാജാവിനുകൂടിയുണ്ടായിരുന്നു ഗംഗാതീരത്ത് ഒരു കെട്ടിടം. ഇതെല്ലാം ഇന്നു കൈയേറി നഷ്ടപ്പെട്ടിരിക്കണം. പോലീസും കോടതിയും കൈയേററക്കാരുടെ ഭാഗത്തായിരിക്കുമെന്ന് ഉറപ്പിക്കാവുന്നതിനാൽ, കിട്ടിയ തുക വാങ്ങി സ്ഥലമൊഴിഞ്ഞുപോരികയേ ഉടമകൾക്കു കരണീയമായിട്ടുള്ളു.

ശ്മശാനങ്ങൾ നിമിത്തമുള്ള മാലിന്യം അകററുന്നതിനായി, മൂന്നു ലക്ഷം രൂപ ചെലവുചെയ്ത് ഒരു വൈദ്യുതശ്മശാനം സ്ഥാപിക്കാൻ കാശി മുനിസിപ്പാലിററി ശ്രമിക്കുകയുണ്ടായി. വൈദ്യുതശ്മശാനത്തിൽ ഒരു ശവം ദഹിപ്പിക്കാൻ മുപ്പതു രൂപയേ ചെലവുവരുമായിരുന്നുള്ളു. മണികർണ്ണികയിലോ ഹരിശ്ചന്ദ്രഘട്ടത്തിലോ ഒരു ശവം ദഹിപ്പിക്കണമെങ്കിൽ, ആയിരക്കണക്കിനു രൂപ പുരോഹിതർക്ക് കൊടുക്കണം. തങ്ങളുടെ വരുമാനം മുടങ്ങുമെന്നു ഭയന്ന കാശിയിലെ പുരോഹിതർ വൈദ്യുതശ്മശാനസ്ഥാപനത്തെ നഖശിഖാന്തം എതിർത്തു. രാഷ്ട്രീയക്കാരും അവ

രോട്ട പേൻ്റ. ഫലം: കാശിയിലെ വൈദ്യുതശ്മശാനം ഇനിയും സ്വപ്ന മായിത്തന്നെ അവശേഷിക്കുന്നു. ലോകത്തിലെ ഏററവും മോശമായ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളിലൊന്നാണ കാശി മുനിസിപ്പാലിററി. ഇടിഞ്ഞുപൊളിഞ്ഞ കടവുകരം നന്നാക്കുന്നതിനു സർക്കാർ നല്ലിയ പതിനഞ്ചു ലക്ഷം രൂപ അവർ ചെലവഴിച്ചതു ജോലിക്കാർക്ക ശമ്പളക്കടിശ്ശിക കൊടുക്കാനാണ്. കടവുകരം ഇപ്പോഴും ഇടിഞ്ഞുതന്നെ കിടക്കുന്നു.

കാശിയിലെ പുരോഹിതന്മാർ പലരും അത്യന്തം സമ്പന്നരാണ്. നഗരത്തിൽ എന്തു കച്ചവടം നടന്നാലും, അവർക്ക കമ്മീഷൻ കിട്ടും. കടയിൽനിന്ന് ഒരു ബനാറീസ്സാരി വാങ്ങുന്ന ആരം നൽകുന്ന വിലയിൽ ഒരുപങ്ക് പുരോഹിതനു പോകുന്നു. ഫലം: അങ്ങാടിയിൽ വില സ്ഥിരതയില്ല; പരക്കുഗുണവും നിശ്ചിതമല്ല. കളിപ്പുപററാതിരിക്കണമോ? കാശിയിൽനിന്നു നിങ്ങരം ഒന്നും വാങ്ങാതിരിക്കുക! ഈയിടെ കാശിയിൽ ഒരു പുരോഹിതൻെറ വസതിയിൽനിന്ന് ആദായനികുതി വിഭാഗക്കാർ പണമായും സ്വർണമായും പതിനാറു ലക്ഷം രൂപയും കുറെ സ്കോച്ച് വിസ്കിക്കുപ്പികളും പിടിച്ചെടുത്തുവത്രെ! പുരോഹിതരുടെ നിലവാരം അതാണ്—ജീവിതനിലവാരവും സാംസ്കാരിക നിലവാരവും!

കാശി വ്യഭിചാരത്തിനു കേരംവിപ്പെട്ട സ്ഥലമായിരുന്നു. കാശിയിലെ 'ദാൽമണ്ഡി' എന്ന തെരുവിലെ വേശ്യകളാണ് പ്രേംചന്ദിൻെറ 'സേവാസദൻ' എന്ന സുപ്രസിദ്ധ നോവലിലെ പ്രമുഖ കഥാപാത്രങ്ങരം. വ്യഭിചാരം കുലത്തൊഴിലായ കാശിയിലേ വേശ്യമാർ ഉത്തരേന്ത്യൻ സംഗീതത്തിനു നൽകിയ സംഭാവന കുറച്ചൊന്നുമായിരുന്നില്ല. ഇന്നു 'ദാൽമണ്ഡി'യിൽ സംഗീതമില്ല. വ്യഭിചാരം ദാൽമണ്ഡിയിൽമാത്രമല്ല, കാശിനഗരത്തിലെ മററു പല പ്രദേശങ്ങളിലും പോലീസ് സംരക്ഷണത്തോടെ പടർന്നു പന്തലിക്കുകയും ചെയ്തിരിക്കുന്നു.

കറുപ്പും അതിൻെറ ഉല്പന്നങ്ങളായ മയക്കുമരുന്നുകളും വിററഴിയുന്ന ഒരു ലോകവിപണികൂടിയാണ് കാശി. കാശിയിൽനിന്ന് അമ്പതു കിലോമീററർ അകലെ ഗാജീപൂർ ജില്ലയിൽ കറുപ്പ് കൃഷിയും സക്കാർ വക കറുപ്പു സംസ്കരണശാലയുമുണ്ട്. ഇവിടെനിന്നും, പരിസരങ്ങളിൽനിന്നും, കളവായി കൊണ്ടുവരുന്ന മയക്കുമരുന്നുകരം വിററു പണക്കാരായവർ വളരെയാണ്. ഇവരിൽ പലരും കാശിയിൽ കൈയേറി സ്വന്തമാക്കിയ സ്ഥലങ്ങളിൽ പഞ്ചനക്ഷത്ര ഹോട്ടലുകരം നടത്തുന്നു.

നവംബർ 11—ലെ 'ഹിന്ദു'വിൽ ആ പത്രത്തിൻെറ പാട്നാ ലേഖകൻ എഴുതുന്നു:

'മതാവേശമല്ല, കള്ളപ്പണവും കയ്യൂക്കുമാണ് കാശിനഗരത്തിനു ഹൃദയത്തുടിപ്പു നൽകുന്നതു്. കാശിയിൽ നിയമഭരണമില്ല. സർക്കാരിൻെറ കല്പന അവിടെ മാനിക്കപ്പെടുന്നില്ല. അയൽജില്ലകളിൽനിന്നുള്ള കുട്ടായ്മക്കവെർച്ചക്കാരാണ് ആ നഗരം ഭരിക്കുന്നതു്. നാട്ടുരാജാക്കന്മാരും ജമീൻദാർമാരുമടക്കം പുറംപ്രദേശത്തുകാർക്ക് കാശിയിലുണ്ടായിരുന്ന മിക്ക സ്ഥലങ്ങളും ഈ കൂട്ടായ്മക്കവെർച്ചക്കാർ കൈയേറിക്കഴിഞ്ഞു. താഴെക്കിടയിലുള്ള സർക്കാർ ഉദ്യോഗസ്ഥന്മാർ ഇവരുടെ വരുതിയിലാണ്. കാശിയിൽ പണവും ഭൂസ്വത്തും അന്തസ്സും നേടാനുള്ള ഏററവും നല്ലതും സുരക്ഷിതവുമായ നിയമവിരുദ്ധമാർഗം വീടും ഭൂമിയും കൈയേറുകയാണ്.'

കാശിയിൽ പണ്ടുപണ്ടേ ഉണ്ടായിരുന്ന വിശ്വനാഥക്ഷേത്രം ഔറംഗസേബ് ചക്രവർത്തി നശിപ്പിക്കുകയും, ആ സ്ഥലത്തു് ഒരു മുസ്ലിംപള്ളി പണിയുകയുംചെയ്തു. ഈ പള്ളി ഇപ്പോഴുമുണ്ടു്. അതിനടുത്താണ് ഇപ്പോഴത്തെ വിശ്വനാഥക്ഷേത്രം. ഉത്തരപ്രദേശിലെ ഹിന്ദുക്കൾ 1983–ൽ രൂപവത്കരിച്ചിട്ടുള്ള 'ധർമസ്ഥലരക്ഷാസമിതി'യുടെ ലക്ഷ്യങ്ങളിലൊന്നു് ഔറംഗസേബിന്റെ പള്ളി നിൽക്കുന്ന സ്ഥലം വീണ്ടെടുത്തു് അവിടെ വിശ്വനാഥക്ഷേത്രം പണിയുക എന്നതാണ് (നവംബർ 18–ലെ 'കുമാരി'യിൽ 'രാമജന്മഭൂമി' എന്ന ലേഖനം നോക്കുക.)

വീണ്ടെടുക്കേണ്ടതു് ഈ പള്ളി നിൽക്കുന്ന ഏതാനും ചതുരശ്രകിലോമീററർ സ്ഥലമാണോ?

വീണ്ടെടുക്കേണ്ടതു്, കാശീനഗരത്തെ ആകെത്തന്നെയല്ലേ?

ധർമസ്ഥലരക്ഷാസമിതിക്കാർ, അവരോടൊപ്പം മററു ഹിന്ദുക്കളും, ഇക്കാര്യം ഗൗരവമായി ആലോചിച്ചാൽ കൊള്ളാം.

(16 ഡിസംബർ, 1984)